# ST. THOMAS LPG SCHOOL

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

Scanned with OKEN Scanner

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകുക, എല്ലാ കുട്ടികൾക്കും നിലവാരമുള്ള സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക എന്നിവയാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകും.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര ഗുണമേന്മ പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെ സമർപ്പിക്കുന്നു.

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | സെന്റ് തോമസ് എൽ. പി. ജി സ്കൂൾ , കുണ്ടറ |
| സ്കൂൾ കോഡ് | : | 41621 |
| വിദ്യാഭ്യാസ ഉപജില്ല | : | കുണ്ടറ |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| ബി. ആർ. സി | : | കുണ്ടറ |
| സി. ആർ. സി | : | മുളവന |
| ഗ്രാമപഞ്ചായത്ത് | : | കുണ്ടറ |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിറ്റുമല |
| താലൂക്ക് | : | കൊല്ലം |
| വില്ലേജ് | : | മുളവന |
| ഫോൺ നമ്പർ | : | 9496268839 |

Scanned with OKEN Scanner

# സ്കൂൾ ചരിത്രം

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ ചിറ്റുമല ബ്ലോക്കിൽ മുളവന വില്ലേജിലെ കുണ്ടറ പഞ്ചായത്തിന്റെ V-10 വാർഡിൽ കുണ്ടറ ഈസ്റ്റ് റെയിൽവേ സ്റ്റേഷനു സമീപം ദേശീയ പാതയ്ക്കും കൊല്ലം ചെങ്കോട്ട റെയിൽ പാതയ്ക്കും ഇടയിൽ സെന്റ് തോമസ് എൽ. പി. ജി സ്കൂൾ സ്ഥിതി ചെയ്യുന്നു.

കുണ്ടറ ശാലേം വികാരിയായിരുന്ന യശഃശരീരനായ ശ്രീ. വടക്കനഴികത്ത് ഫിലിപ്പോസ് കശ്ശീശയുടെ നേതൃത്വത്തിലുള്ള സുവിശേഷ സംഘത്തിന്റെ ശ്രമഫലമായി സാമൂഹിക ഉന്നമനത്തെയും വിദ്യാഭ്യാസ മുന്നേറ്റത്തെയും ലക്ഷ്യമിട്ടുകൊണ്ട് കുണ്ടറ പ്രദേശങ്ങളുടെ നാലു ഭാഗങ്ങളിലും സ്ഥാപിതമായ ആറു സ്കൂളുകളിലൊന്നാണിത്. സ്ത്രീ വിദ്യാഭ്യാസത്തിന് വിലക്കു കല്പിച്ചിരുന്ന ഒരു കാലത്ത് സ്ത്രീകളെ മുഖ്യധാരയിലെത്തിക്കണമെന്ന ദീർഘ വീക്ഷണത്തിന്റെ ഫലമായിട്ടാണ് 1916 മെയ് 20 ന് ഈ സ്കൂൾ സ്ഥാപിതമായത്. പിൽക്കാലത്ത് അത് Mixed School ആയി മാറുകയും അനേകം കുഞ്ഞുങ്ങളെ സമൂഹത്തിന്റെ ഉന്നതതലങ്ങളിലെത്തിച്ചേരാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഇടവക വികാരി Rev. Alex. P John മാനേജരായും 8 അംഗങ്ങളടങ്ങുന്ന ഒരു School Board ഉം പ്രവർത്തിച്ചു വരുന്നു.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതി നാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
- ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകുന്നു. (CPTA / class PTA ചേരും)
- അശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
- മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമാർജ്ജനം തുടങ്ങി യവ കൃത്യമായി നടപ്പാക്കൽ.
- രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതൽ.
- കൃഷി, ഔഷധത്തോട്ടം, പൂന്തോട്ടനിർമ്മാണം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

## അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

### നേട്ടങ്ങൾ :-

അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ
സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം.
ഓരോ കുട്ടിയെയും ഒന്നാമനാക്കാനുള്ള പദ്ധതി -
കുട്ടികളുടെ കഴിവും അഭിരുചിയും പരിശീലനം ലഭ്യമാ
കുന്നു.
കലാപഠനം, പ്രവൃത്തി പരിചയ പഠനം, കായികപഠനം
എന്നിവയ്ക്ക് പ്രത്യേക പരിശീലനം.

- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മ
യുമൊത്ത് എന്ന പ്രത്യേക പിന്തുണാ പ്രവർത്തനങ്ങൾ
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കു
ന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.
- സർഗ്ഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ
എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുട
ങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ ജൈവ വൈവിധ്യ അന്തരീക്ഷം
എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ.

### പരിമിതികൾ :-

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പൂർണ്ണമായി പരിഹരിക്കപ്പെടേണ്ടതുണ്ട്.
- IED കുട്ടികളുടെ പഠന പിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

Scanned with OKEN Scanner

## അക്കാദമിക മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ കുട്ടികളുടെ പങ്കാളിത്തം, പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതാവണം. ഇതു ഉറപ്പാക്കാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾ തല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുന: സംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:-

- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ ക്ലാസ് പ്രവർത്തനങ്ങൾ പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രതിവാര അവലോകനം:

- സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.

### വിലയിരുത്തൽ:

- ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

## ഭാഷ :-

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം നൽകുന്നു.
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ് :-

- ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- ക്ലാസ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## ഗണിതം :-

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ICT :-

- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

Scanned with OKEN Scanner

## പ്രവൃത്തി പരിചയം :-

- നിർമ്മാണാത്മക കഴിവുകൾ എല്ലാ
ടികളിലും വികസിപ്പിക്കുക.
- ഇത്തര വിഷയങ്ങളുമായി / പഠനവുമായി
വൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം :-

- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ
കസനത്തിന് അവസരം കൊടുക്കുക.

## ആരോഗ്യകായിക വിദ്യാഭ്യാസം :-

- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കു
ക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ
കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

## സമഗ്ര പുരോഗതി രേഖ

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികാവസ്ഥ, ശാരീരിക ക്ഷമത തുടങ്ങിയവയെ സമാനമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:-

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- പാഠപദ്ധതികൾ, പഠനശേഷികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

Scanned with OKEN Scanner

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| | അക്കാദമികം | | | | |
| 1 | ശിശു സൗഹൃദ അന്തരീക്ഷം, അച്ചടക്കം | • ശിശു സൗഹൃദ അന്തരീക്ഷം ശക്തിപ്പെടണം<br>• അസംബ്ലി ശക്തിപ്പെടുത്തൽ | ജൂൺ - മാർച്ച് | HM, Teachers | |
| 2. | S.R.G | • ക്രിയാത്മകമാക്കണം<br>• ആസൂത്രണം<br>• വിലയിരുത്തൽ | മാസത്തിൽ 2 തവണ<br>ജൂൺ - മാർച്ച് | HM, Teachers, SRG കൺവീനർ | |
| 3. | പുസ്തകം എന്റെ ചങ്ങാതി (വായന) | • പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം | Divya tr | |

Scanned with OKEN Scanner

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4. | എന്റെ പിറന്നാൾ പുസ്തകം (വായന) | • പിറന്നാൾ ദിനത്തിൽ പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>• വായനയ്ക്ക് അവസരം | ജൂൺ മുതൽ മാർച്ച് വരെ | | |
| 5. | ഉച്ചഭാഷിണി വായന | • ഉച്ചഭാഷിണിയിലൂടെ പുസ്തകം, വായനാകാർഡ് (ഇംഗ്ലീഷ്, മലയാളം) എന്നിവ വായിക്കുവാൻ അവസരം | ജൂൺ മുതൽ മാർച്ച് വരെ | | |
| 6. | അക്ഷരക്കൂട്ടം (വായന) | • ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ - മാർച്ച് | | |
| 7. | ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ (ലേഖനം) | • ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാമാസവും | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

| നമ്പർ | പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 8. | സർഗാത്മക ഡയറി (ലേഖനം) | • കുട്ടികളുടെ അനുഭവങ്ങൾ, ദൈനംദിന കാഴ്ചകൾ എന്നിവ ഉൾപ്പെടുത്തി എല്ലാ ദിവസവും ഡയറി എഴുതുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| 9. | ഇംഗ്ലീഷ് അസംബ്ലി (ഭാഷാ വികസനം) | • ആഴ്ചയിൽ ഒരു ദിനം അസംബ്ലി മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (ബുധൻ) | അശ്വതി Tr | |
| 10. | മലയാളം, ഇംഗ്ലീഷ് Reading Card നിർമ്മാണം (വായനാ സാമഗ്രി) | • രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ മാസം | അശ്വതി Tr | |
| 11. | ഗണിത ലാബ് | • കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | ജൂൺ മാസം | ജൂലി Tr | |

Scanned with OKEN Scanner

| നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 12. | ഗണിത കേളി / ഗണിത വിജയം | • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ - കളികളിലൂടെ | | | |
| 13. | പരീക്ഷണ കിറ്റ് ഒരുക്കൽ | • ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് Tr | |
| 14. | ലഘു പരീക്ഷണം | • ശാസ്ത്ര താൽപര്യം വളർത്തുന്നതിനും, പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാമാസവും | ക്ലാസ് Tr | |
| 15. | Remedial Teaching | • പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി Pre-Test<br>• പ്രത്യേകം Module തയ്യാറാക്കൽ | ജൂലൈ 5 മുതൽ | | |

Scanned with OKEN Scanner

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 16. | പ്രവൃത്തി പരിചയം | നിർമ്മാണ കഴിവുകൾ വികസിപ്പിക്കുന്നതിന് പ്രവൃത്തിപരിചയ ഇനങ്ങളിൽ പരിശീലനം നൽകുന്നു. | | | |
| 17. | സ്കൂൾ തല പ്രവൃത്തി പരിചയ മേള | വിവിധ വസ്തുക്കളുടെ നിർമ്മാണവും, പ്രദർശനവും. | | | |
| 18. | ബാലസഭ, സൂംബ | കുട്ടികളുടെ വൈവിധ്യമാർന്ന കലാ പരിപാടികളുടെ അവതരണം. സൂംബ പരിശീലനം. | | | |
| 19. | കലാ-കായിക പരിശീലനം | • എല്ലാ ആഴ്ചയിലും കുട്ടികൾക്ക് P.T ഉറപ്പാക്കുന്നതിന് ക്ലാസ് Time table ൽ PT ഉൾപ്പെടുത്തുന്നു. | | | |
| | ടാലന്റ് ലാബ്. | • കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | | | |

Scanned with OKEN Scanner

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 20. | ശുചിത്വം | • ആരോഗ്യ ബോധവൽക്കരണ ക്ലാസ്<br>• ഡ്രൈ ഡേ ആചരണം | | | |
| 21. | ക്ലാസ്തല PTA | • എല്ലാ ക്ലാസുകളിലെയും പഠനനിലവാരത്തെ സംബന്ധിച്ച് രക്ഷിതാക്കളുമായി ആശയവിനിമയം | | | |
| 22. | L.S.S പരിശീലനം | • കുട്ടികളെ പ്രത്യേക പരിശീലനം നൽകി തയ്യാറെടുപ്പിക്കൽ. | | | |
| 23. | IT പഠനം | • കമ്പ്യൂട്ടർ പഠനത്തിന് അവസരം ഒരുക്കുക.<br>• ക്ലാസ് Time Table ൽ IT ക്ലാസ് ഉൾപ്പെടുത്തുന്നു. | | | |

Scanned with OKEN Scanner

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 24. | പഠനയാത്ര | പഠനവുമായി ബന്ധപ്പെട്ട പഠന യാത്ര നടത്തുന്നു. | ജനുവരി | HM, Teachers | |
| 25. | ഗൃഹസന്ദർശനം | എല്ലാ കുട്ടികളുടെയും വീടുകൾ സന്ദർശിക്കുന്നു. | ഫെബ്രുവരി മാർച്ച് | HM, Teachers | |
| 26. | IEDC കുട്ടികൾക്ക് പരിശീലനം | IEDC കുട്ടികളെ പരിശീലിപ്പിക്കാൻ ഒരു അധ്യാപകന്റെ സ്ഥിര സേവനം | ജൂൺ - മാർച്ച് | S.SA | |
| | **ഭൗതികം** | | | | |
| 27. | ഹരിത വിദ്യാലയം, പൂന്തോട്ടം | ചെടി നടീൽ, ചെടികൾ പരിപാലനം, ആകർഷകമാക്കൽ | ജൂൺ - മാർച്ച് | | |
| 28. | പച്ചക്കറിത്തോട്ടം | വിത്തുശേഖരിക്കൽ, പച്ചക്കറി നടീൽ - പരിപാലനം | ജൂൺ - മാർച്ച് | HM & Teachers | |

Scanned with OKEN Scanner

## നിർവഹണ ചുമതല

- ശ്രീമതി. ബെറ്റി ജോൺ (ഹെഡ്മിസ്ട്രസ്)
- ശ്രീമതി. ജൂലി ജോൺസൺ
- ശ്രീമതി. ദിവ്യ. O.G
- ശ്രീമതി. അശ്വതി M.S
- ശ്രീമതി. വിനീത V

വിദ്യാലയ പ്രവർത്തനങ്ങൾ കാര്യക്ഷമമായി
ടപ്പാക്കുന്നതിനും, ഓരോ കുട്ടിക്കും സമഗ്ര ഗുണമേന്മ
ിദ്യാഭ്യാസം ഉറപ്പാക്കാനും ഈ പ്രവർത്തനങ്ങൾ വഴി
ാധിക്കുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് വിദ്യാലയ അക്കാദ
ക മാസ്റ്റർ പ്ലാൻ ഇവിടെ സമർപ്പിക്കുന്നു.

Scanned with OKEN Scanner